## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6032 　　　　19.11.2019 -ൽ മറുപടിയ്ക്ക്

### ചാമ്പ്യൻസ് ബോട്ട് ലീഗ്

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ.വി.ആർ. സുനിൽ കുമാർ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ലീഗ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന വള്ളംകളികൾ സംസ്ഥാനത്തിന് ദീർഘകാല അടിസ്ഥാനത്തിൽ ഉണ്ടാക്കുന്ന സാമ്പത്തിക നേട്ടം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | കേരളത്തിലെ പ്രധാനപ്പെട്ട ചുണ്ടൻ വള്ളംകളികളെ ഉൾപ്പെടുത്തി ലീഗ് അടിസ്ഥാനത്തിൽ പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് നടന്നുവരികയാണ്. വള്ളംകളി മത്സരങ്ങൾ സംഘടിപ്പിക്കുന്നത് വഴി വിനോദസഞ്ചാര മേഖലയിൽ ഉണർവ് ഉണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്. കൂടാതെ ഈ മേഖലയുടെ ഉന്നമനത്തിലൂടെ കേരളത്തിലെ വിനോദസഞ്ചാര മേഖലയ്ക്കുണ്ടാകുന്ന നേട്ടം കണക്കിലെടുത്താണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ദീർഘകാല അടിസ്ഥാനത്തിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് തദ്ദേശീയരും, വിദേശികളുമായ വിനോദസഞ്ചാരികളുടെ ശ്രദ്ധയാകർഷിക്കുമെന്നും അതുവഴി സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ഉണർവ്വ് നൽകുമെന്നും പ്രതീക്ഷിക്കുന്നു. |
| ബി) | ചാമ്പ്യൻസ് ബോട്ട് ലീഗുമായി ബന്ധപ്പെട്ട് വള്ളം ഉടമകൾ, തുഴച്ചിലുകാർ, ക്ലബ്ബുകൾ എന്നിവർക്ക് എന്തെല്ലാം ആനുകൂല്യം ലഭ്യമാകുന്നുവെന്ന് വ്യക്തമാക്കുമോ? | ബി) | ചാമ്പ്യൻസ് ബോട്ട് ലീഗിലെ 12 വേദികളിലായി നടക്കുന്ന എല്ലാ മത്സരങ്ങൾക്കും ബോട്ട് ക്ലബ്ബുകൾക്ക് 3 ലക്ഷം രൂപ വീതവും ചുണ്ടൻ വള്ളങ്ങളുടെ ഉടമകൾക്ക് 1 ലക്ഷം രൂപ വീതവും ബോണസ് നൽകുന്നുണ്ട്.<br>കൂടാതെ, ഓരോ വേദിയിലെ മത്സരത്തിലും ഒന്നാം സമ്മാനം, രണ്ടാം സമ്മാനം, മൂന്നാം സമ്മാനം നേടുന്ന ക്ലബ്ബുകൾക്ക് യഥാക്രമം അഞ്ച് ലക്ഷം, മൂന്ന് ലക്ഷം, ഒരു ലക്ഷം രൂപാ വീതം സമ്മാനത്തുക നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | ലീഗിലെ 12 മത്സരങ്ങളും അവസാനിച്ചു കഴിയുമ്പോൾ പോയിന്റ് നിലയിൽ ലീഗ് വിജയികളാകുന്നവർക്ക് ഒന്നാം സമ്മാനമായി 25 ലക്ഷം രൂപയും, രണ്ടാം സമ്മാനമായി 15 ലക്ഷം രൂപയും മൂന്നാം സമ്മാനമായി 10 ലക്ഷം രൂപയും നൽകുന്നതായിരിക്കും. വള്ളങ്ങളിലെ തുഴച്ചിലുകാർക്ക് പ്രതിഫലം നൽകുന്നത് അതാത് ബോട്ട് ക്ലബ്ബുകൾ ആണ്. |

സെക്ഷൻ ഓഫീസർ